Prot.No.MPL: 148/19/37

# സർക്കുലർ

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ,

''ഭയപ്പെടേണ്ട! ഇതാ, സകലജനത്തിനുമുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു, നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ മിശിഹാ ഇന്ന് ജനിച്ചിരിക്കുന്നു. നിങ്ങൾക്കുള്ള അടയാളം ഇതാണ്: പിള്ളക്കച്ച കൊണ്ട് പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കണ്ടെത്തും''(ലൂക്ക 2:11–12). ഇതായിരുന്നു ദൈവദൂതൻ ഇടയന്മാർക്കു നല്കിയ ക്രിസ്മസ് സന്ദേശം. തുടർന്ന് സ്വർഗീയസൈന്യങ്ങൾ ഏറ്റുപാടി ''അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം! ഭൂമിയിൽ ദൈവകൃപയുള്ള മനുഷ്യർക്കു സമാധാനം!'' എല്ലാവർക്കും ക്രിസ്മസ് മംഗളങ്ങൾ! Happy Christmas! ക്രിസ്മസിന്റെ സന്തോഷവും സമാധാനവും നാമെല്ലാവരിലും നിറഞ്ഞുനില്ക്കട്ടെ.

ഈശോയുടെ പിറവിയെ ചിത്രീകരിക്കുന്ന ക്രിസ്മസ് ക്രിബിനെ ''അതിശയകരമായ രംഗം'' (enchanting Image) എന്നാണ് ഫ്രാൻസിസ് പാപ്പ വിശേഷിപ്പിച്ചിരിക്കുന്നത്.

പാവപ്പെട്ട ആട്ടിടയരും പുൽതൊട്ടിയും ആടും പശുവും അതിനൊക്കെ ഇടയിൽ ഉണ്ണി ഈശോയും മാതാവും യൗസേപ്പിതാവും, പൂജരാജാക്കന്മാരും അവർക്ക് വഴികാട്ടുന്ന നക്ഷത്രവും എല്ലാം ചേർന്ന ആരംഗം എത്ര ഹൃദയഹാരിയാണ്.

ക്രിസ്മസ് ആഘോഷിക്കുന്ന ഈ അവസരത്തിൽ നമ്മുടെ പള്ളികളിലും മതബോധനക്ലാസുകളിലും നമ്മുടെ കുട്ടികൾക്കും യുവാക്കൾക്കും നാം നല്കേണ്ട സുരക്ഷിതമായ അന്തരീക്ഷത്തെപ്പറ്റി അനുസ്മരിക്കുന്നത് ഉചിതമാണ്. സഭയുടെ എല്ലാ മേഖലകളും കുട്ടികൾക്കും യുവാക്കൾക്കും സുരക്ഷിതമായ മേഖലയാണെന്ന് ഉറപ്പുവരുത്തേണ്ടത് നമ്മുടെ എല്ലാവരുടെയും കടമയാണ്.

നിങ്ങൾക്ക് അറിയാവുന്നതുപോലെ 2017 മുതൽ നമ്മുടെ രൂപതയിൽ Professional Standards Division പ്രവർത്തിച്ച് വരുന്നുണ്ട്. ഈ

ചുരുങ്ങിയ കാലയളവിൽ ഏറെ പുരോഗതി ഈ മേഖലയിൽ നമുക്ക് നേടാൻ സാധിച്ചു. നമ്മുടെ എല്ലാ ഇടവകകളിലും Safeguarding Division വളരെ നന്നായി പ്രവർത്തിക്കുന്നുണ്ട്. ഇതുവരെ മുവായിരത്തോളം സന്നദ്ധപ്രവർത്തർക്ക് Safer Churches പരിശീലനം നല്കിയിട്ടുണ്ട്. കൂടുതൽ പരിശീലന പരിപാടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇതിനെല്ലാം നേതൃത്വം നല്കുന്ന ബഹുമാനപ്പെട്ട വൈദികരെയും സന്നദ്ധപ്രവർത്തകരെയും ഞാൻ വളരെ നന്ദിയോടെ ഓർക്കുന്നു.

നമ്മുടെ ഇടവകകളും സ്ഥാപനങ്ങളും സംഘടനകളും റോയൽ കമ്മീഷന്റെ എല്ലാ നിർദ്ദേശങ്ങളും അനുസരിച്ച് Safeguarding പ്രവർത്തനങ്ങൾ നടത്തുക എന്നത് നിയമപരമായ ചുമതലയാണ്. നമ്മുടെ പ്രവർത്തനങ്ങളെല്ലാം സന്നദ്ധപ്രവർത്തകരുടെ നേതൃത്വത്തിലാണ് നടക്കുന്നതെങ്കിലും നമുക്ക് മറ്റു ചിലവുകളുമുണ്ട്. ഉദാഹരണത്തിന് വരുന്ന വർഷം Catholic Professional Standards Ltd നമ്മുടെ ഇടവകകളിൽ നടത്തുന്ന ഓഡിറ്റിങ്ങിന് ഏകദേശം നാല്പതിനായിരം ഡോളർ ചിലവുവരും എന്നാണ് നമ്മുടെ അറിവ്. ആയതിനാൽ, ഈ വർഷവും നമ്മുടെ ക്രിസ്മസ് ദിവസത്തിലെ പിരിവ് രൂപതയുടെ Safeguarding പ്രവർത്തനങ്ങൾക്കായിട്ടാണ് വിനിയോഗിക്കുന്നത്. ഇതിനായി നിങ്ങളുടെ സംഭാവനകൾ ക്രിസ്മസ് ദിവസത്തിൽ നല്കണമെന്ന് അപേക്ഷിക്കുന്നു. കഴിഞ്ഞ വർഷം ഈ ഉദ്ദേശ്യത്തിനായി ക്രിസ്മസ് ദിനത്തിൽ നമ്മുടെ രൂപതയിൽ ലഭിച്ചത് 22,226 ഡോളറാണ്. നിങ്ങളുടെ ഉദാരമായ സന്മനസിന് നന്ദി അറിയിക്കുന്നു. ഇതിനായി നമ്മുടെ ബഹുമാനപ്പെട്ട കൈക്കാരന്മാരും, പാരീഷ് കൗൺസിൽ അംഗങ്ങളും ഇടവകയിലെ സേഫ്ഗാർഡിങ്ങ് ഓഫീസർമാരും നേതൃത്വം നല്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉണ്ണീശോ നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

എല്ലാവർക്കും ക്രിസ്മസ് മംഗളങ്ങൾ!

സ്നേഹത്തോടെ,

ബോസ്കോ പിതാവ് 2019 ഡിസംബർ 17

NB: ഈ സർക്കുലർ 2019 ഡിസംബർ 22-ാം തിയതി ഞായറാഴ്ച പള്ളിയിൽ വായിക്കേണ്ടതാണ്.